## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2937** — 22.2.2016-ൽ മറുപടിക്ക്

### കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിനായി ഭൂമി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച എൽ.എസ്.ജി.ഡി (ആർ.സി) വകുപ്പിന്റെ ഫയലിലെ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിനായി ഭൂമി വിട്ടു നൽകുന്ന വിഷയം തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിലെ 456/ആർ.സി.4/16/തസ്വഭവ ഫയലിൽ സ്വീകരിച്ചു വരുകയാണ്. പ്രസ്തുത വിഷയത്തിന്മേൽ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയതു ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് എൽ.എസ്.ജി.ഡി യിലേക്ക് കത്തിടപാടുകൾ നടന്നത് എന്നെല്ലാം; വ്യക്തമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 05.11.13 ലെ ജി3-4411/13 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയലിന്മേൽ ഏതു തീയതിയിൽ അന്തിമ തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കാമോ? | (സി) | അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ